പ്രൈവറ്റ് സ്ഥാപനങ്ങൾ

(1) അമല കാൻസർ സെന്റർ—തൃശ്ശൂർ.

(2) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്—കൊച്ചി.

(3) കാരിത്താസ് ഹോസ്പിറ്റൽ—കോട്ടയം.

(സി) സംസ്ഥാനത്ത് ജില്ലാ താലൂക്ക് ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അർബുദരോഗ നിർണ്ണയ ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ല. പക്ഷെ ഈ തലങ്ങളിൽ സംസ്ഥാനത്ത് ഒട്ടാകെ പ്രാഥമിക കാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ നടന്നുവരുന്നു. അങ്ങനെ നേരത്തെ കാൻസർ രോഗം നിർണ്ണയിക്കുന്നതിനും തദ്വാര രോഗികളെ മെച്ചപ്പെട്ട റെഫറൽ യൂണിറ്റിലേക്ക് റഫർ ചെയ്യുവാൻ സാധിക്കുന്നു. ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ, ട്രെയിനിംഗ് എന്നിവ മെഡിക്കൽ ഓഫീസേഴ്സിനും, പാരാമെഡിക്കൽ സ്റ്റാഫിനും നൽകി വരുന്നു. കാൻസർ കെയർ സൊസൈറ്റികൾ വഴി കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. റീജിയണൽ കാൻസർ സെന്ററിന്റേയും കാൻസർ കെയർ സൊസൈറ്റികളുടേയും സഹായത്തോടെ സർക്കാർ സ്ഥാപനങ്ങളിലും ബാങ്ക് മേഖലകളിലും പ്രാഥമിക രോഗ നിർണ്ണയ ക്യാമ്പുകൾ നടത്തി വരുന്നു.

മഞ്ചേരിയിൽ ഹാർട്ട് ഫൗണ്ടേഷന്റെ കീഴിൽ ഹാർട്ട് ഹോസ്പിറ്റലിന് ആവശ്യമായ സ്ഥലം

140 [2632] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ഹാർട്ട് ഫൗണ്ടേഷന്റെ കീഴിൽ ഹാർട്ട് ഹോസ്പിറ്റലിന് ആവശ്യമായ സ്ഥലം ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. മഞ്ചേരിയിൽ ജില്ലാ ടി.ബി. സെന്ററിനോടുചേർന്ന് പെരിഫെറൽ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണെന്ന് ജില്ലാകളക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പെരിഫെറൽ സെന്ററുകൾ ജില്ലാ ആശുപത്രികളുടെ ഭാഗമായിട്ടാണ് പ്രവർത്തിക്കേണ്ടത്. കളക്ടറുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly